പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4589

20-10-2011-ൽ മറുപടിയ്ക്ക്

മത്സ്യത്തൊഴിലാളികളുടെ വിവിധ കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| സംസ്ഥാനത്തെ മത്സ്യതൊഴിലാളി കളുടെ വിവിധ കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ ? | 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നിയമത്തിലെ വിവിധ വകുപ്പുകൾ അനുസരിച്ച്, അപേക്ഷകരായ മത്സ്യത്തൊഴിലാളികളുടെ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും, അതിനുശേഷം വേണ്ടി വന്നാൽ കൂടിക്കാഴ്ച്ച (സിറ്റിംഗ്) നടത്തിയുമാണ് കടാശ്വാസത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിക്കുന്നതിനായി മത്സ്യത്തൊഴിലാളികളിൽ നിന്നുള്ള അപേക്ഷകൾ പരിശോധിച്ച്, 31.12.2007 വരെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളിൻമേൽ കടാശ്വാസം അനുവദിക്കുന്നതിനായി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്ന നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. കടാശ്വാസ കമ്മീഷൻ നിയമ പ്രകാരം ശുപാർശ ചെയ്യുന്ന പരമാവധി തുക 75.000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്കു വിധേയമായി ഓരോ മത്സ്യത്തൊഴിലാളിക്കും അർഹമായ തുക നിശ്ചയിച്ച് നൽകുന്നത് ഫിഷറീസ്, സഹകരണ വകുപ്പുകൾ സംയുക്തമായാണ്. കടാശ്വാസ കമ്മീഷൻ നിയമത്തിലെ 5 മുതൽ 12 വരെ വകുപ്പുകളിലും, ബന്ധപ്പെട്ട ചട്ടങ്ങളിലെ 9, 11 മുതൽ 21 വരെ ചട്ടങ്ങളിലും, മത്സ്യതൊഴിലാളി കടങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടുള്ള എല്ലാ നടപടികളും കമ്മീഷൻ സ്വീകരിച്ചു വരുന്നു.<br><br>സെക്ഷൻ ഓഫീസർ |